പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*379

16.03.2017 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമ ലംഘനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജുഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപനപരിശോധനകൾ, സ്ക്വാഡ്ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. 2016-ൽ 41431 സ്ഥാപനപരിശോധനകൾ നടത്തുകയും 5457 പ്രോസിക്യൂഷൻ, 694 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) തൊഴിൽ നിയമ ലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) തൊഴിൽ നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ് |

| | |
|---|---|
| സി)പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പ് വരുത്തുന്ന കാര്യം പരിഗണിക്കുമോ; | സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളിൽ തൊഴിലാളി പ്രതിനിധ്യം ഉറപ്പ് വരുത്തുന്ന കാര്യം അതാത് സ്ഥാപനങ്ങളാണ് തീരുമാനിക്കുന്നത്. |
| ഡി) ന്യായ വേതനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) ന്യായവേതനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നത് സർക്കാർ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**